പ്രോജക്ട് സൺഷിഫ്റ്റ്

45(2083) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രോജക്ട് സൺഷിഫ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗരോർജ്ജം ഉപയോഗിച്ച് ഉപഭോക്താക്കളുടെ രാത്രി കാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കുറയ്ക്കുക, പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക എന്നിവയാണ് സൺഷിഫ്റ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരം പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പകൽ സമയങ്ങളിൽ ഇൻവെട്ടർ ബാറ്ററികൾ ചാർജ്ജ് ചെയ്യാനും ഉപഭോക്താക്കൾക്ക് ഏറ്റവും ആവശ്യമായ പീക്ക് സമയത്ത് ഉപഭോക്താവിന്റെ വീട്ടിലെ വൈദ്യുതി ആവശ്യകതയുടെ ഒരു ഭാഗം ഇൻവെർട്ടറുകൾ വഴി ഉപയോഗിക്കാനും കഴിയുന്നു.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനായി സോളാർ ഇൻവെർട്ടർ നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നും വൈദ്യുതി ബോർഡ് താല്പര്യപത്രം ക്ഷണിക്കുകയും ബോർഡിന്റെ സ്പെസിഫിക്കേഷൻ പ്രകാരം രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തിയശേഷം 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തു. ഈ പദ്ധതി പ്രകാരം സോളാർ ഇൻവെർട്ടർ സ്ഥാപിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5,000 രൂപ സബ്സിഡി അനെർട്ട് വഴി നൽകാനായി സർക്കാർ 5-2-2015-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സബ്സിഡിക്കായുള്ള അപേക്ഷകൾ 2015 സെപ്റ്റംബർ 23 വരെ സ്വീകരിച്ചിരുന്നു. .

LIBRARY ARCHIVES Kerala Legislative Assembly